**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4388** | **01-07-2024 - ൽ മറുപടിയ്ക്ക്**

**വ്യാജ ലോട്ടറി ടിക്കറ്റ് വിൽപ്പന തടയുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വ്യാപകമായി വ്യാജലോട്ടറി ടിക്കറ്റ് വിറ്റഴിക്കുന്നത് ഗൗരവത്തോടെ കാണുന്നുണ്ടോ; എങ്കിൽ ഇത് തടയുന്നതിന് എന്തൊക്കെ നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ; | (എ) | ഉണ്ട്, കാലാകാലങ്ങളിൽ വകുപ്പ് വിവിധ സർക്കുലറുകൾ പുറപ്പെടുവിക്കുകയും, ചട്ടങ്ങൾ പ്രകാരം മാത്രമേ ടിക്കറ്റ് വിൽപ്പന നടത്താൻ പാടുള്ളൂ എന്ന കർശന നിർദ്ദേശം ഏജന്റുമാർക്ക് നൽകുകയും ചെയ്തിട്ടുണ്ട്. വ്യാജ ലോട്ടറി വിപണനത്തിനെതിരെ കർശന നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി ഇത്തരം വിപണനം ശ്രദ്ധയിൽ പെട്ടാൽ ഉടൻ തന്നെ അവ പോലീസിന് കൈമാറുകയും ജില്ലാ തല മോണിട്ടറിംഗ് സമിതികളിൽ ഇവ സംബന്ധിച്ച് ചർച്ച ചെയ്യുകയും ഇത്തരം വിപണനം അമർച്ച ചെയ്യുന്നതിലേക്കായി ആവശ്യ മായ തുടർ നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു.<br><br>വ്യാജ ലോട്ടറി വ്യാപാരത്തിനെതിരെ കർശന നടപടി അഭ്യർത്ഥിച്ചുകൊണ്ട് സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർ 20/07/2023, 10/08/2023 എന്നീ തീയതിയിൽ എല്ലാ ജില്ലാ പോലീസ് മേധാവികൾക്കും കത്ത് നൽകിയിട്ടും ഉണ്ട്. ഇത്തരം തട്ടിപ്പുകളിൽപ്പെട്ട് പൊതുജനം വഞ്ചിക്കപ്പെടാതിരിക്കാൻ ദൃശ്യ, ശ്രവ്യ മാധ്യമങ്ങൾ വഴി സന്ദേശങ്ങൾ നൽകുകയും, സംസ്ഥാനത്തുടനീളം ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്തു. നിയമ വിരുദ്ധ ലോട്ടറി വ്യാപാരങ്ങൾക്കെതിരെ ലഭ്യമായ 87 പരാതികളിന്മേൽ തുടർ നടപടി സ്വീകരിക്കുന്നതിനായി ADGP (ക്രമസമാധാനം), സൈബർ സെല്ലിന് കൈമാറിയിട്ടുണ്ട്. |
| (ബി) | കഴിഞ്ഞ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ വ്യാജലോട്ടറി വിൽപ്പന സംബന്ധിച്ച് സംസ്ഥാനത്ത് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും സമ്മാനാർഹമായ ടിക്കറ്റുകൾക്ക് പകരം വ്യാജ ടിക്കറ്റ് ഹാജരാക്കിയത് സംബന്ധിച്ച് എത്ര കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ; | (ബി) | കഴിഞ്ഞ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ വ്യാജലോട്ടറി വില്പന സംബന്ധിച്ച് സംസ്ഥാനത്ത് 10 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഈ കാലയളവിൽ സമ്മാനാർഹമായ ടിക്കറ്റുകൾക്ക് പകരം വ്യജ ടിക്കറ്റ് ഹാജരാക്കിയത് സംബന്ധിച്ച് 65 കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | ടിക്കറ്റുകൾ പരിശോധിച്ച് വ്യാജമല്ല എന്ന് ഉറപ്പാക്കുന്നതിന് കാലതാമസം നേരിടുന്നതിനാൽ സമ്മാനത്തുകയുടെ വിതരണം നീണ്ടുപോവുകയും ലോട്ടറി കച്ചവടത്തെ ഇത് സാരമായി ബാധിക്കുകയും ചെയ്യുന്നത് ഗൗരവത്തോടെ കാണുന്നുണ്ടോ; ഇക്കാര്യത്തിൽ അടിയന്തര പരിഹാര നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (സി) | ഭാഗ്യക്കുറി വകുപ്പിൽ സമ്മാന വിതണത്തിനായി ഹാജരാക്കുന്ന ടിക്കറ്റു കൾ പരിശോധിച്ച് ഉറപ്പ് വരുത്തിയതിനു ശേഷമാണ് സമ്മാന വിതരണം നടത്തുന്നത്. സമ്മാന വിതരണത്തിനായി ഹാജരാക്കുന്ന ഭാഗ്യക്കുറി ടിക്കറ്റുകളിൽ QR CODE സ്കാൻ ആകാത്ത ടിക്കറ്റുകളുടെ ആധികാരികത യഥാസമയം വകുപ്പിന്റെ സെക്യൂരിറ്റി ലാബിൽ പരിശോധനയ്ക്ക് വിധേയമാക്കി ആധികാരികത ഉറപ്പുവരുത്തിയതിനുശേഷം സമയബന്ധിതമായി സമ്മാനം വിതരണം ചെയ്യുന്നു. ആയതിനാൽ ഇത് ഭാഗ്യക്കുറി വില്പനയെ പ്രതികൂലമായി ബാധിക്കപ്പെടുന്നില്ല. |

സെക്ഷൻ ഓഫീസർ